(സി) ഉന്നത പഠനത്തിന് എസ്.എസ്.എൽ.സി.ക്ക് എല്ലാ പേപ്പറുകൾക്കും ഡി+ ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എല്ലാ പേപ്പറുകൾക്കും എന്നതിനുപകരം എല്ലാ വിഷയത്തിനും എന്ന നിലയിൽ ഇത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*:

(എ) മാറ്റം വരുത്തിയിട്ടില്ല.

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇത് സംബന്ധിച്ച് നിലവിലുള്ള സമ്പ്രദായത്തിൽ തൽക്കാലം മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

ഹിൽ ഹൈവേ

*7 [429] *ശ്രീ. സി. കെ. നാണു:*

„ കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹിൽ ഹൈവേ' എന്നപേരിൽ സംസ്ഥാനത്തിന്റെ വടക്കേ അതിർത്തിയിൽനിന്നും തെക്കേ അതിർത്തിവരെയായി നീണ്ടുകിടക്കുന്ന റോഡ് നിർമ്മിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ റോഡിന്റെ ഫൈനൽ അലൈൻമെന്റ് നിശ്ചയിച്ചുകഴിഞ്ഞുവോ;

(ഡി) ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളുമായാണ് ഈ റോഡ് ബന്ധപ്പെടുന്നതെന്ന് വെളിപ്പെടുത്താമോ?

മരാമത്ത് വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ)*:

(എ) ഇങ്ങനെ ഒരു റോഡ് നിർമ്മിക്കുവാൻ ഒരു ഉത്തരവുള്ളതായി അറിയില്ല. 1977-ൽ ഹിൽ ഹൈവേ സംസ്ഥാനപാതയായി പ്രഖ്യാപിച്ചിരുന്നു. ആ ഉത്തരവിൽ റോഡ് കടന്നുപോകുന്ന പ്രധാന സ്ഥലങ്ങളെ സംബന്ധിച്ച് വിവിധ പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഭിന്നാഭിപ്രായങ്ങൾ ഉയർന്നുവന്നതിനെത്തുടർന്ന് വടക്ക് നന്ദാരപ്പടവ് മുതൽ പാലക്കാട് ടൗൺ വരെയുള്ള ഒന്നാം ഭാഗത്തിന്റെ റൂട്ട് നിർണ്ണയം NATPAC നടത്തിയ പഠനത്തിന്റെ വെളിച്ചത്തിലും റോഡ് കടന്നുപോകുന്ന മേഖലയിലെ എം.എൽ.എ.-മാർ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും റൂട്ട് അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് 3-1-2005-ൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ റോഡിന്റെ നിർമ്മാണം ഘട്ടംഘട്ടമായി ഏറ്റെടുത്ത് നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം ബഹു. മുഖ്യമന്ത്രി 14-1-2005-നു നടത്തുകയുണ്ടായി.

(ബി) ബാധകമല്ല.

(സി) ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. [G.O. (Rt.) No. 13/05/PWD. dated 3-1-2005].

(ഡി) റൂട്ട് നിശ്ചയിക്കപ്പെട്ട ഒന്നാംഭാഗത്തിലുൾപ്പെടുന്ന വയനാട് ജില്ലയുടെ ആസ്ഥാനത്തെ ബന്ധിപ്പിക്കുന്നുണ്ട്.

ആദിവാസി ജനസമൂഹത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ

*8 [430] *ശ്രീ. എ. കെ. ബാലൻ:*

„ *കെ. കെ. ജയചന്ദ്രൻ:*

„ *രാജു എബ്രഹാം:*

„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനസമൂഹത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച അവബോധം ആദിവാസികളിൽ ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

GPM. 2/608/2012—6

LIBRARY ARCHIVES Kerala Legislative Assembly